# KERALA POLICE INFORMATION CENTRE

Ph: 0471 2318188 Email: *info.pol@kerala.gov.in*

No. 157/PR/PIC/PHQ/18 Date : 23.06.2018

---

**മയക്കുമരുന്ന് വില്പന: 108 കേസുകളിലായി 28.897 കിലോഗ്രാം കഞ്ചാവും 1182 മയക്കുമരുന്നുഗുളികകളും പിടികൂടി**

സംസ്ഥാനത്ത് മയക്കുമരുന്നുകൾ വിറ്റവർക്കെതിരെ കേരള പോലീസ് ആന്റി നാർക്കോട്ടിക് ആക്ഷൻ ഫോഴ്സിന്റെ നേതൃത്വത്തിൽ നടത്തിയ പരിശോധനകളെ തുടർന്ന് മെയ് ഒന്നു മുതൽ 30 വരെ 108 കേസുകളിലായി 1182 മയക്കുമരുന്നു ഗുളികകളും 28.897 കിലോഗ്രാം കഞ്ചാവും 14 ഗ്രാം ഹാഷീഷും, 827 ഗ്രാം ബ്രൗൺ ഷുഗറും പിടികൂടി. ഇതിനു പുറമേ ജൂണിൽ തിരുവനന്തപുരം ജില്ല യിൽ നിന്നും ഏകദേശം അഞ്ചരക്കോടിയോളം രൂപ വിലവരുന്ന 16.5 കിലോഗ്രാം ഹാഷിഷ് ഓയിലും പിടികൂടിയിരുന്നു. കോഴിക്കോട് സിറ്റിയിലാണ് ഏറ്റവും കൂടുതൽ മയക്കുമരുന്നു ഗുളികകൾ പിടികൂടിയത്, 1152 എണ്ണം. കൊച്ചി സിറ്റിയിൽ നിന്നും 30 എണ്ണവും പിടികൂടി. വിവിധ ജില്ലകളിൽ പിടികൂടിയ കഞ്ചാവിന്റെ കണക്ക്:

തിരുവനന്തപുരം റേഞ്ച് - തിരുവനന്തപുരം സിറ്റി (2.003 കി.) , തിരുവനന്തപുരം റൂറൽ (1.426 കി.), കൊല്ലം റൂറൽ (3.542 കി)

കൊച്ചി റേഞ്ച് - എറണാകുളം റൂറൽ(1.742 കി.), ആലപ്പുഴ(0.85 കി), ഇടുക്കി (1.96 കി.), കോട്ടയം (0.802 കി.)

തൃശ്ശൂർ റേഞ്ച് - തൃശ്ശൂർ സിറ്റി (1.04 ഗ്രാം), തൃശ്ശൂർ റൂറൽ (1.02 ഗ്രാം), പാലക്കാട് (4.335 കി.)

കണ്ണൂർ റേഞ്ച് - കോഴിക്കോട് സിറ്റി (3.827 കി.), കോഴിക്കോട് റൂറൽ (0.08 കി), വയനാട്(1.6 കി), കണ്ണൂർ (3.65 കി.), കാസർഗോഡ് (1.501 ഗ്രാം.)

ലഹരിവിരുദ്ധ ക്യാമ്പയിന്റെ ഭാഗമായി സംസ്ഥാനത്തെ സ്കൂളുകൾ, കോളേജുകൾ എന്നിവ കേന്ദ്രീകരിച്ച് ബോധവൽക്കരണ ക്ലാസുകളും പോലീസ് നടത്തിവരുന്നു.

വിവിധ ജില്ലകളിൽ മയക്കു മരുന്ന് വിപണനം നടത്തുന്നവർക്കെതിരെയുള്ള നടപടികൾ വരും ദിവസങ്ങളിലും തുടരുമെന്ന് സംസ്ഥാന പോലീസ് മേധാവി ലോക്നാഥ് ബെഹ്റയും കാൻസാഫിന്റെ ചുമതലയുള്ള ഐ.ജി. പി.വിജയനും അറിയിച്ചു.

**********